## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 2176

18.03.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള കമ്മീഷന്റെ പ്രവർത്തന പുരോഗതി

**ചോദ്യം** | **ഉത്തരം**

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ശമ്പളം എന്ന് മുതലാണ് പരിഷ്കരിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി സർക്കാർ 2015 ജൂൺ 30-ാം തീയതി വരെ അനുവദിച്ചിട്ടുണ്ട്. ടി കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശുപാർശ ലഭിച്ചതിനുശേഷം മാത്രമേ ശമ്പളപരിഷ്കരണം എന്നു മുതൽ നൽകണമെന്നുള്ള വിഷയത്തിൽ തീരുമാനം എടുക്കുകയുള്ളു. |
| (ബി) | ശമ്പളകമ്മീഷന്റെ പ്രവർത്തന കാലാവധി ഇനിയും ദീർഘിപ്പിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി സർക്കാർ 2015 ജൂൺ 30-ാം തീയതി വരെ അനുവദിച്ചിട്ടുണ്ട്. ടി കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ശമ്പള പരിഷ്കരണം വൈകുന്നതിനാൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുവാൻ സർക്കാർ സന്നദ്ധമാകുമോ? | : | അന്തിമ റിപ്പോർട്ട് അനന്തമായി നീണ്ടുപോകുന്ന സാഹചര്യം പ്രതീക്ഷിക്കുന്നില്ല. ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**